بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 18.12.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

18.12.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഇപ്പോൾ ആകാശത്തിൻകീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവും മാത്രമേയുള്ളു. അതായത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ സല്ലല്ലാഹു അലയ്ഹിവസല്ലം. അദ്ദേഹം എല്ലാ നബിമാരെക്കാളും അത്യുന്നതനും അത്യുൽകൃഷ്ടനും എല്ലാ റസൂൽമാരെക്കാളും തികവുറ്റവനും സമ്പൂർണനും ഖാത്തമുൽ അമ്പിയാവും മനുഷ്യകുലോത്തമനുമാകുന്നു. അദ്ദേഹത്തെ പിൻപറ്റുന്നതിലൂടെ അല്ലാഹുവിനെ കിട്ടുന്നു. അന്ധകാരവൃതമായ മറകൾ നീങ്ങുന്നു. ഈ ലോകത്തുതന്നെ സത്യമായ മോക്ഷത്തിന്റെ അടയാളങ്ങൾ തെളിഞ്ഞുവരുന്നു.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)മസീഹ് മൗഊദും മഹ്ദിയെ മഅ്ഊദും ആണെന്ന് വാദിച്ച കാലംമുതൽ ഇന്നേവരെ അഹ്മദിയ്യത്തിന്റെ വൈരികൾ അല്ലെങ്കിൽ നാമമാത്ര ഉലമാ അദ്ദേഹത്തിന്റെമേൽ ധാരാളം ആക്ഷേപങ്ങൾ ഉന്നയിച്ചു വരുന്നുണ്ട്. എന്തായാലും ഇത് അവരുടെ ശീലമാണ്. അവർ അങ്ങനെ ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. ഇക്കാരണത്താൽ പൊതുമുസ്ലീംകളെ വഴിപിഴപ്പിച്ചു കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ വഴിപിഴപ്പിക്കാൻ ശ്രമിച്ചുകൊണ്ടുവരുന്നു. മുസ്ലീംകളുടെ വികാരങ്ങളെ ആളിക്കത്തിക്കുന്നതിനും അവരെ പ്രകോപിപ്പിക്കുന്നതിനുംവേണ്ടി അവർ ഉന്നയിക്കുന്ന ഏറ്റവും വലിയ ആക്ഷേപം നഊദുബില്ലാഹ് അദ്ദേഹം തന്നെ നബി(സ) തിരുമേനിയെക്കാൾ വലിയവനായി മനസ്സിലാക്കുന്നു എന്നതാണ്. എന്നുമാത്രമല്ല ഈ ഉലമാ തങ്ങളുടെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി എത്രമാത്രം കളവും അക്രമവുമാണ് പറഞ്ഞു പരത്തുന്നതെന്നാൽ നബി(സ)തിരുമേനിയെ സംബന്ധിച്ച് ആ മഹാത്മാവിനെ നിന്ദിക്കുംവിധം ചില വാക്കുകൾ അദ്ദേഹം പറഞ്ഞിട്ടുണ്ടെന്നും പ്രചരിപ്പിക്കുന്നു. ഇതേ ആക്ഷേപം ഇന്ന് അഹ്മദികളുടെമേലും ഉന്നയിക്കുന്നുണ്ട്. എവിടെയൊക്കെ അവർക്ക് അവസരം കിട്ടുന്നുണ്ടോ, എവിടെയൊക്കെ അവർക്ക് ശക്തിയുണ്ടോ അവിടെയെല്ലാം നഊദുബില്ലാഹ് അഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബി(സ)യെക്കാൾ വലിയ ആളായിട്ടാണ് കരുതുന്നതെന്നാണ് പ്രചരിപ്പിക്കുന്നത്. സൽപ്രകൃതക്കാരായവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളും ജമാഅത്തിന്റെ സാഹിത്യങ്ങളും വായിക്കുമ്പോൾ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നിർദേശങ്ങൾ കേൾക്കുമ്പോൾ നാമമാത്രരും കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരുമായ ഉലമാ വെറും ഫിത്ന ഉണ്ടാക്കാൻവേണ്ടിയാണ് ഈ ആരോപണം ഉന്നയിക്കുന്നതെന്നും ഇങ്ങനെ സംസാരിക്കുന്നതെന്നും മനസ്സിലാക്കുന്നു.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ ഗ്രന്ഥങ്ങളിലുള്ള ചില ഉദ്ധരണികൾ കേൾപിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയുടെ സ്ഥാനം എന്തായിട്ടാണ് മനസ്സിലാക്കിയതെന്നതിനുള്ള മുഴുവൻ ഉദ്ധരണികളും ഇപ്പോൾ സമർപിക്കാൻ സാധ്യമല്ല. ആ മഹാത്മാവിന്റെ മുഴുവൻ ഗ്രന്ഥങ്ങളിൽനിന്നും ഉദ്ധരണികൾ അവതരിപ്പിക്കാനും കഴിയുകയില്ല. എങ്കിലും ഞാൻ ആ മഹാത്മാവ് 'ബറാഹീനെ അഹ്മദിയ്യാ' എന്ന ഗ്രന്ഥം എഴുതിയ കാലംമുതൽ വഫാത്തുവരെ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്ന് നബി(സ)തിരുമേനിയുടെ സ്ഥാനത്തേയും പദവിയേയും സംബന്ധിച്ചു പറഞ്ഞിട്ടുള്ള ചില ഉദ്ധരണികൾ വിവരിക്കുന്നതാണ്. ബറാഹീനെ അഹ്മദിയ്യാ നാലുഭാഗങ്ങൾ 1880 മുതൽ 1884 വരെയുള്ള കാലത്തിന്നിടയിലാണ് രചിച്ചത്. അത് റൂഹാനീഖസായിൻ വാല്യം ഒന്നിൽ ശേഖരിക്കപ്പെട്ടിരിക്കുന്നു. അതിൽ ആ മഹാത്മാവ് ഒരിടത്ത് പറയുന്നു:

"ഇപ്പോൾ ആകാശത്തിനുകീഴിൽ ഒരേയൊരു നബിയും ഒരേയൊരു വേദഗ്രന്ഥവും മാത്രമേയുള്ളു. അതായത് ഏറ്റവും മഹോന്നതനും എല്ലാ നബിമാരിലുംവച്ച് സർവശ്രേഷ്ഠനും എല്ലാ ദൂതന്മാരിൽവച്ച് പരിപൂർണനും ഖാത്തമുൽഅമ്പിയായും ഖയ്റുന്നാസുമായ പ്രവാചകൻ മുഹമ്മദു നബി(സ)ആകുന്നു. ആ മഹാത്മാവിനെ പിൻപറ്റുന്നതുകൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുന്നതും അന്ധകാരത്തിന്റെ എല്ലാ തിരശീലകളും ഉയരുന്നതും ഈ ലോകത്തുതന്നെ യഥാർഥമോക്ഷത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷമാകുന്നതുമായിരിക്കും. അപ്രകാരംതന്നെ സത്യവും തികവുറ്റതുമായ സന്മാർഗങ്ങൾ ഉൾക്കൊള്ളുന്ന പരിശുദ്ധ ഖുർആൻ മുഖേന ദൈവികജ്ഞാനസിദ്ധി ഉണ്ടാകുകയും മാനുഷികമായ മാലിന്യങ്ങളിൽനിന്ന് ഹൃദയം പരിശുദ്ധമാകുകയും മനുഷ്യൻ അജ്ഞാനത്തിന്റേയും അശ്രദ്ധയുടേയും സന്ദേഹങ്ങളുടേയും തിരശ്ശീലകളിൽനിന്ന് രക്ഷപ്പെട്ട് അനുഭവജ്ഞാനത്തിന്റെ സ്ഥാനത്ത് എത്തിച്ചേരുകയും ചെയ്യുന്നു."(ബറാഹീനെ അഹ് മദിയ്യാ വാല്യം 4 പേജ് 468 അടിക്കുറിപ്പ്)

അതായത് നബി(സ)തിരുമേനിയുടെ പദവിയും അല്ലാഹുവിന്റെ ശക്തി പ്രഭാവവും അല്ലാഹുവിന്റെ ഏകത്വവും വിശുദ്ധ ഖുർആന്റെ മഹത്വവും സ്ഥാപിതമാകുകയും അക്കാര്യത്തിൽ ദൃഢവിശ്വാസം ഉണ്ടാകുകയും ചെയ്യുന്നു. നബി(സ)തിരുമേനിക്കിറങ്ങിയ വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നും ദൃഢവിശ്വാസമുണ്ടാകുന്നു.

ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽത്തന്നെ ആ മഹാത്മാവ് പറയുന്നു: 'ഈ സാധുവും സയ്യിദുർറുസുലും ദൈവദൂതന്മാരുടെ കിരീടവുമായ ആ മഹാപ്രതാപവാനായ നബിയുടെ വളരെ നിസാരരായ സേവകരിൽപ്പെട്ടയാളാണ്.

1886–ൽ സുർമയെ ചശ്മയെ ആര്യ എന്ന തന്റെ ഗ്രന്ഥത്തിൽ നബി(സ)തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തെ കുറിച്ച് ആ

മഹാത്മാവ് എഴുതുന്നു: 'ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനി തന്റെ ആത്മശുദ്ധിയും കുലീനതയും വിശാലമനസ്കതയും ചാരിത്ര്യവും സത്യസന്ധതയും അർപണമനോഭാവവും ദൈവാനുരക്തിയും കാരണം ഏറ്റവും ശ്രേഷ്ഠവും ഉന്നതവും പരിപൂർണവും പരിശുദ്ധവും പ്രകാശിതവും ആയ മഹൽസ്ഥാനം അലങ്കരിച്ചിരുന്നു. തന്മൂലം അല്ലാഹു അദ്ദേഹത്തെ പരിപൂർണതയുടെ അതുല്യ പരിമളം കൊണ്ടനുഗ്രഹിച്ചു. തിളക്കമാർന്നതും വെടിപ്പുളളതുമയിരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തേയും മനസ്സിനേയും തന്റെ മുൻഗാമികളേയും പിൻഗാമികളേയും അപേക്ഷിച്ച് വളരെ വിശാലവും പരിശുദ്ധവും നിഷ്കളങ്കവും സ്നേഹസമ്പൂർണവുമാക്കിത്തീർത്തു. തൽഫലമായി മറ്റാർക്കും ലഭ്യമാകാത്ത പരിപൂർണവും സുശക്തവുമായ ദൈവികഭാഷണം കൊണ്ടദ്ദേഹം ധന്യനായി. ദൈവികഗുണങ്ങൾ വളരെ സ്ഫുടമായും സ്പഷ്ടമായും തെളിഞ്ഞു കാണത്തക്കരീതിയിൽ സ്ഫടികസമാനമായ ഒരു ഹൃദയം ആ മഹാത്മാവിന് നല്കപ്പെട്ടു. അങ്ങനെ വിശുദ്ധ ഖുർആനിൽ കാണപ്പെടുന്ന ദൈവികപ്രഭയുടെ സുശക്തമായി കിരണങ്ങൾമൂലം എല്ലാ പൂർവികഗ്രന്ഥങ്ങൾക്കും മങ്ങലേല്ക്കുക ഉണ്ടായി.(സുർമ ചശ്മയെ ആര്യ പേജ് 23)

1891-ൽ രചിച്ച തൗളീഹെ മറാമിൽ ദൈവികവെളിപാടിന്റെ പരമാവസ്ഥയുടെ ദിവ്യജ്യോതിസ്സിനെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"ഈ അവസ്ഥ ലോകത്ത് ഒരേയൊരു വ്യക്തിയ്ക്കു മാത്രമേ ലഭിച്ചിട്ടുള്ളൂ.(അതായത് ദൈവികവെളിപാടിന്റെ ഉന്നത പദവിയുടെ ആ ദിവ്യജ്യോതിസ്സ്, ആ അവസ്ഥ ഒരേയൊരാൾക്കെ ലഭിച്ചിട്ടുളളു) ആ വ്യക്തി സമ്പൂർണ മനുഷ്യനാണ്(സ). മനുഷ്യത്വത്തിന്റെ സകല പരമ്പരകളും ആ മഹാത്മാവിൽ അവസാനിച്ചു. മാനുഷികമായ കഴിവുകളുടെ വൃത്തപരിധി പരിപൂർണത പ്രാപിച്ചു.(എത്രത്തോളം മാനുഷികമായ ശക്തികളുണ്ടായിരുന്നുവോ കഴിവുകളുണ്ടായിരുന്നുവോ അതെല്ലാം സമ്പൂർണതയിലെത്തി). അതു യഥാർഥത്തിൽ ദൈവസൃഷ്ടിപ്പിന്റെ ആവരണം ചെയ്യപ്പെട്ട രേഖയുടെ മേൽഭാഗത്തെ അവസാന സ്ഥലമാണ്.(അതായത് അല്ലാഹു എത്രത്തോളം മനുഷ്യസൃഷ്ടിപ്പാണോ നടത്തിയിട്ടുള്ളത് അതിന്റെ പരമമായ അവസ്ഥ കണ്ടെത്തി ഒരു അതിര് വരച്ചാൽ അതിന്റെ അവസാന അറ്റമായിരിക്കും അത്). അത് സകല ഉയർച്ചകളുടേയും അതിരാണ്. (അത് പരമമായ ഉയർന്ന സ്ഥാനത്തെത്തിയിരിക്കുന്നു). ദൈവയുക്തിയുടെ കരങ്ങൾ വളരെ താഴ്ന്ന സൃഷ്ടിയിൽനിന്നും, ഏറ്റവും തരംതാണ സൃഷ്ടികളിൽനിന്നും ഉത്പത്തിയുടെ പരമ്പര ആരംഭിച്ച് ആ ഉന്നതമായ പദവിയുടെ അതിർത്തിയിലെത്തിച്ചു. ആ അതിരിന്റെ പേര് മറ്റു വാക്കുകളിൽ മുഹമ്മദ് എന്നാണ്. (സ്വല്ലല്ലാഹു അലയ്ഹിവസല്ലം). അങ്ങേയറ്റം പുകഴ്ത്തപ്പെട്ടത് എന്നാണ് ഇതിന്റെ അർഥം. അതായത് എല്ലാ കഴിവുകളുടേയും സമ്പൂർണ പ്രതീകം. അതുകൊണ്ട് സ്വാഭാവികമായ നിലയിൽ ഈ നബിയുടെ സ്ഥാനം ഉയർന്നതും അത്യുന്നതവുമായിരിക്കുന്നതുപോലെ ബാഹ്യമായ നിലയിലും ദിവ്യവെളിപാടിന്റെ ഉയർന്നതും അത്യുന്നതവുമായ സ്ഥാനവും ആ മഹാത്മാവിന് നല്കപ്പെടുകയും ദൈവസ്നേഹത്തിന്റെ മഹോന്നതസ്ഥാനം ലഭിക്കുകയും ചെയ്തു. ഈ ഉത്തുംഗസ്ഥാനംവരെ എത്താൻ എനിക്കോ (ഈസാ)മസീഹിനോ സാധ്യമല്ല."

1892-93ലെ ഒരു രചനയുണ്ട്. റൂഹാനീഖസായിൻ വാള്യം അഞ്ചിലാണ് അതുള്ളത്. ആയിനയെ കമാലാത്തെ ഇസ്ലാം. അതിന് രണ്ടു ഭാഗമുണ്ട്. ഉർദുവും അറബിയും. ഇതിൽ നബി(സ)തിരുമേനിയുടെ പദവിയെ സംബന്ധിച്ച് അവിടന്ന് പറയുന്നു: "മനുഷ്യരിൽവച്ച് ഏറ്റവും പരിപൂർണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലെ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ ഒരു വസ്തുവിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ മാത്രമേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. എന്നുവച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്."

റൂഹാനീ ഖസായിൻ വാള്യം 8, 1894 ലെഴുതിയ ഇത്മാമൽ ഹുജ്ജഃ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ആ മനുഷ്യൻ, തികവുറ്റവനും സമ്പൂർണനുമായ മനുഷ്യനായിരുന്നു. സമ്പൂർണനായ നബിയുമായിരുന്നു. തികഞ്ഞ അനുഗ്രഹത്തോടുകൂടി വന്നു. അദ്ദേഹം മുഖേന ആത്മീയ പുനരുത്ഥാനവും ഉയിർത്തെഴുന്നേല്പും കാരണത്താൽ ലോകത്തിന്റെ ആദ്യത്തെ അന്ത്യദിനം വെളിപ്പെട്ടു. മരിച്ചുകഴിഞ്ഞ് ഒരു ലോകം തന്നെ അദ്ദേഹത്തിന്റെ വരവോടെ ജീവിച്ചു. ആ അനുഗൃഹീത നബിയാണ് ഹദ്റത്ത് ഖാത്തമുൽ അമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽ മുർസലീൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദു മുസ്തഫാ (സ). അല്ലയോ പ്രിയങ്കരനായ അല്ലാഹുവേ! ലോകോൽപത്തിമുതൽ ഇന്നുവരെ നീ ആരുടെമേലും വർഷിച്ചിട്ടില്ലാത്ത റഹ്മത്തും സലാമും ആ പ്രിയങ്കരനായ നബിയുടെമേൽ വർഷിച്ചാലും."

1895-ൽ എഴുതിയ ആര്യാധർമ് എന്ന പുസ്തകത്തിൽ പറയുന്നു: "നാം നമ്മുടെ പൂർണമായ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവിനെ സ്ത്രീയുടെ വയറ്റിൽനിന്ന് പുറത്തുവന്ന എല്ലാ നിർദോഷികളുടേയും പരിശുദ്ധന്മാരുടേയും നേതാവും സർദാറുമായി മനസ്സിലാക്കുകയും ഖാത്തമുൽ അമ്പിയാ ആയി അറിയുകയും ചെയ്യുന്നു. കാരണം അദ്ദേഹത്തിൽ സകല നുബുവ്വത്തുകളും സകല പരിശുദ്ധികളും സകല പൂർണതകളും സമ്പൂർത്തികരിക്കപ്പെട്ടിരിക്കുന്നു.

1897-ൽ എഴുതിയ ഗ്രന്ഥമാണ് സിറാജെ മുനീർ. അതിൽ ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: "നീതിയോടും നിഷ്പക്ഷതയോടുംകൂടി മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പറ്റി നാം സൂക്ഷ്മപഠനം നടത്തുന്നതായാൽ അവരിൽവച്ചേറ്റവും വീരപുരുഷനായിട്ടുള്ള നബി, ജീവനുള്ള നബി, അല്ലാഹുവിന്റെ ഉന്നത പദവിയിലുള്ള ഏറ്റവും പ്രിയപ്പെട്ട നബി, നബിമാരുടെ നേതാവും റസൂൽമാരുടെ അഭിമാനവും എല്ലാ മുർസലീംകളിലും ശ്രേഷ്ഠനുമായ ഒരു പുരുഷനെ മാത്രമേ നാം അറിയുകയുള്ളു; അദ്ദേഹത്തിന്റെ നാമം മുഹമ്മദു മുസ്തഫാ അഹ്മദ് മുജ്തബാ(സ) എന്നാകുന്നു. മുമ്പേ ആയിരം വർഷം നടന്നാലും കിട്ടാത്തത് ഈ മഹാത്മാവിന്റെ തണലിലൂടെ 10 ദിവസം നടന്നാൽ കിട്ടുന്നതാണ്." (റൂഹാനീ ഖസായിൻ വാള്യം 12 പേജ് 82, സിറാജെ മുനീർ പേജ് 80)

ഹദ്റത്ത് മസീഹ് മൗഊദ്(അ) 1898-ൽ എഴുതിയ ഗ്രന്ഥമാണ് കിതാബുൽ ബരിയ്യ. അതിൽ ഒരു സ്ഥലത്തു പറയുന്നു: "നമ്മുടെ

നബി(സ)തിരുമേനിയുടെ ദൃഷ്ടാന്തങ്ങളും ദിവ്യാത്ഭുതങ്ങളും രണ്ടു തരത്തിലുള്ളതാണ്. ഒന്ന് ആ മഹാത്മാവിന്റെ കൈകൊണ്ടോ, അവിടത്തെ വാക്കുകൊണ്ടോ, അവിടത്തെ കർമംകൊണ്ടോ അവിടത്തെ ദുആകൾകൊണ്ടേ വെളിപ്പെട്ടിട്ടുള്ളതാണ്. അത്തരം ദിവ്യദൃഷ്ടാന്തങ്ങൾ മൂവായിരത്തോളമുണ്ട്. രണ്ടാമത്തേത് ആ മഹാത്മാവിന്റെ ഉമ്മത്തുമുഖേന എപ്പോഴും പ്രകടമായിക്കൊണ്ടിരിക്കുന്ന ദിവ്യദൃഷ്ടാന്തങ്ങളാണ്. അത്തരം ദൃഷ്ടാന്തങ്ങൾ ലക്ഷക്കണക്കിനുവരെ എത്തിയിരിക്കുന്നു. അത്തരം ദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടിട്ടില്ലാത്ത ഒരു നൂറ്റാണ്ടും കഴിഞ്ഞുപോയിട്ടില്ല. ഇക്കാലത്ത് ഈ സാധു മുഖേന അല്ലാഹു ഈ ദൃഷ്ടാന്തം കാണിച്ചുകൊണ്ടിരിക്കുന്നു. ഈ എല്ലാ ദൃഷ്ടാന്തങ്ങളും കൊണ്ട് ഇതിന്റെ പരമ്പര ഒരു കാലത്തും മുറിഞ്ഞുപോകുകയില്ല. അല്ലാഹുവിന്റെ ഏറ്റവും വലിയ നബിയും ഏറ്റവും പ്രിയപ്പെട്ട നബിയും ജനാബ് മുഹമ്മദു മുസ്തഫാ(സ)ആണെന്ന് തീർച്ചയായും നാം അറിയുന്നു. കാരണം നബിമാരുടെ ഉമ്മത്തികൾ ഒരു അന്ധകാരത്തിൽ വീണു കിടക്കുകയാണ്. കഴിഞ്ഞുകടന്ന ഖിസ്സകളും കഥകളും മാത്രമാണ് അവരുടെ പക്കലുള്ളത്. എന്നാൽ, ഈ ഉമ്മത്ത് അല്ലാഹുവിൽനിന്ന് നവംനവങ്ങളായ ദൃഷ്ടാന്തം പ്രാപിക്കുന്നു. അല്ലാഹു എല്ലാ ഓരോ കാലഘട്ടത്തിലും ഈ തികവാർന്നതും പരമപരിശുദ്ധവുമായ ദൃഷ്ടാന്തം കാണിക്കുന്നതിനുവേണ്ടി ആരെയെങ്കിലും അയച്ചുകൊണ്ടിരുന്നു. ഇക്കാലഘട്ടത്തിൽ മസീഹ് മൗഊദിന്റെ നാമത്താൽ എന്നെ അയച്ചിരിക്കുന്നു."

1900-ലെഴുതിയ അർബഈൗൻ നമ്പർ ഒന്നിൽ, ഈ ഗ്രന്ഥം റൂഹാനീ ഖസായിൻ വാല്യം 17-ലാണ് വരുന്നത്-അവിടന്ന് പറയുന്നു: "തന്റെ പ്രവചനങ്ങളും പ്രാർഥനകളും സ്വീകരിക്കപ്പെടുകയും (ഇതര മഹാത്ഭുതങ്ങൾ) പ്രത്യക്ഷപ്പെടുത്തുകയും ചെയ്ത ഒരേയൊരു സമ്പൂർണ മനുഷ്യൻ മാത്രമേ ലോകത്തു വന്നിട്ടുള്ളുവെന്ന് ഞാൻ സത്യമായും പറയുന്നു. അദ്ദേഹത്തിന്റെ ഉമ്മത്തിലെ യഥാർഥ അനുചരന്മാർ മുഖേന സമുദ്രത്തിലെ ഓളങ്ങളെന്നോണം അത്ഭുത ദൃശ്യങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഇത്ര ശക്തിയും പ്രൗഢിയും ഉൾക്കൊണ്ട ഏതൊരു മതമാണ് ഇന്ന് ഇസ്‌ലാമിനെക്കൂടാതെ ലോകത്തുള്ളത്? ഇസ്‌ലാമികമായ ഈ അനുഗ്രഹങ്ങളേയും ദൃഷ്ടാന്തങ്ങളേയും നേരിടാൻ പറ്റിയ ആളുകൾ ഏതു നാട്ടിലാണുള്ളത്?(അർബഈൗൻ നമ്പർ 1 പേജ് 4)

1902-ലെഴുതിയ കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ ആ മഹാത്മാവ് പറയുന്നു:"മനുഷ്യകുലത്തിന് ഇപ്പോൾ ഭൂമുഖത്ത് ഖുർആനല്ലാതെ ഒരു ഗ്രന്ഥവുമില്ല. ആദം സന്തതികളായ സകലർക്കും മുഹമ്മദു മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശിപാർശക്കാരൻ)ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ. അവിടെത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ."

1902-ലെഴുതിയ നസീമെ ദഅ്‌വത്ത് എന്ന ഗ്രന്ഥത്തിൽ അവിടന്ന് പറയുന്നു:"ആ സർവശക്തനും സത്യസന്ധനും സമ്പൂർണനുമായ അല്ലാഹുവിന് നമ്മുടെ ആത്മാവും നമ്മുടെ ശരീരത്തിന്റെ ഓരോ അണുവും സുജൂദ് ചെയ്യുന്നു. അവന്റെ കൈയാലാണ് എല്ലാ ഓരോ ആത്മാവും സൃഷ്ടികളുടെ ഓരോ അണുവും അതിന്റെ എല്ലാ കഴിവുകളോടുംകൂടി വെളിപ്പെട്ടത്. അതിന്റെ അസ്തിത്വത്താലാണ് എല്ലാ ഓരോ അസ്തിത്വത്തവും നിലകൊള്ളുന്നത്. ഒരു വസ്തുവും അവന്റെ അറിവിൽനിന്ന് വെളിയിലല്ല. അവന്റെ നിയന്ത്രണത്തിൽനിന്നും അവന്റെ സൃഷ്ടിപ്പിൽനിന്നും പുറത്തുമല്ല. ആയിരക്കണക്കിന് സ്വലാത്തും സലാമും റഹ്മത്തും ബർക്കത്തും ആ പരിശുദ്ധ നബി മുഹമ്മദു മുസ്തഫാ(സ)യുടെമേൽ ഇറങ്ങുമാറാകട്ടെ. അദ്ദേഹം മുഖേനയാണ് നാം ആ ജീവനുള്ള അല്ലാഹുവിനെ പ്രാപിച്ചത്. ആ സത്യസന്ധനായ നമ്മുടെ അല്ലാഹു അസംഖ്യം അനുഗ്രഹങ്ങളുള്ളവനാണ്. അസംഖ്യം ശക്തികളുള്ളവനാണ്. അസംഖ്യം സൗന്ദര്യമുള്ളവനാണ്. അസംഖ്യം ഉപകാരമുള്ളവനാണ്. അവനല്ലാതെ വേറൊരു ദൈവവുമില്ല. ഈ അല്ലാഹുവിനെ നമുക്ക് കിട്ടിയത് നബി(സ)തിരുമേനി മുഖേനയാണ്."

1903-ലെഴുതിയ ലക്ചർസിയാൽക്കോട്ട് എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഈ മതങ്ങളിലുണ്ടായിട്ടുള്ള എല്ലാ ഛിദ്രതകളും -അവയിൽ ചിലത് പറയാനെ കൊള്ളരുതാത്തതാണ്, അവ മാനുഷികമായ പരിശുദ്ധിക്ക് വിരുദ്ധവുമാണ് ഈ എല്ലാ അടയാളങ്ങളും ഇസ്‌ലാമിന്റെ ആവശ്യത്തിനുവേണ്ടിയായിരുന്നു.(പഴയ മതങ്ങളിലുണ്ടായിട്ടുള്ള ഛിദ്രതകൾ ഇസ്‌ലാമിന്റെ ആവിർഭാവത്തിനു അത്യാവശ്യമയിരുന്നു.) പറഞ്ഞു, ഇസ്‌ലാമിന്റെ ആവിർഭാവത്തിനു കുറച്ചുനാൾ മുമ്പേ എല്ലാമതങ്ങളും വിഘടിച്ചുകഴിഞ്ഞിരുന്നുവെന്നും ആത്മീയത കളഞ്ഞുകുളിച്ചിരുന്നുവെന്നും ഒരു ബുദ്ധിമാന് സമ്മതിക്കേണ്ടതായിവരുന്നു. നമ്മുടെ നബി(സ)തിരുമേനിയെ പ്രദർശിപ്പിച്ചത് സത്യത്തിനുവേണ്ടിയുള്ള ഒരു മഹാപരിഷ്കരണത്തിനും കളഞ്ഞുപോയ സത്യത്തെ വീണ്ടും ലോകത്ത് കൊണ്ടുവരുന്നതിനുംവേണ്ടിയായിരുന്നു. ഈ അഭിമാനത്തിൽ നമ്മുടെ നബി(സ)യോടൊപ്പം ആരും പങ്കാളിയായിട്ടില്ല. അതായത് ആ മഹാത്മാവ് മുഴുലോകത്തേയും ഒരു അന്ധകാരത്തിൽ കണ്ടു. അവിടത്തെ വെളിപ്പെടലിലൂടെ ആ അന്ധകാരം പ്രകാശമായി മാറി.

1905-ൽ തന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യാ വാല്യം 5 ൽ അവിടന്ന് പറഞ്ഞു:"ആ അല്ലാഹുവിന് ആയിരമായിരം നന്ദി. അവനാണ് ഒരു കാലത്തും കണ്ടിട്ടില്ലാത്ത അതുല്യമായ ദൈവസാമീപ്യത്തിന്റേയും ദൈവഭക്തിയുടേയും മാർഗമുള്ള ഒരു മതം നമുക്ക് നല്കിയത്. ആ നിഷ്കളങ്കനായ നബിയുടെമേൽ ആയിരക്കണക്കിന് സ്വലാത്തും സലാമും ഉണ്ടാകുമാറാകട്ടെ. അദ്ദേഹത്തിന്റെ വസീലയിലൂടെയാണ് നാം ഈ പരിശുദ്ധ മതത്തിൽ പ്രവേശിച്ചത്. നബികരീമിന്റെ സഹാക്കളുടെമേലും ആയിരക്കണക്കിന് റഹ്മത്തുകൾ വർശിക്കുമാറാകട്ടെ. അവരാണ് തങ്ങളുടെ രക്തംകൊണ്ട് ഈ തോട്ടത്തെ നനച്ചുവളർത്തിയത്."

1907-ൽ രചിച്ച ഹഖീഖത്തുൽ വഹ് യ് എന്ന ഗ്രന്ഥത്തിൽ അവിടന്ന് പറയുന്നു: "ഞാൻ എപ്പോഴും അത്ഭുതദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദു എന്നു പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!)എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന ആ വീരാത്മാവ് അവിടന്നത്രെ. അവിടന്ന് അല്ലാഹുവിനോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി.

മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപ്പണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. എല്ലാ ഓരോ കൃപാവരത്തിന്റേയും ഉറവിടം അദ്ദേഹംതന്നെയാണ്. അദ്ദേഹത്തിന്റെ കൃപാവരം അംഗീകരിക്കാതെ എന്തെങ്കിലും ശ്രേഷ്ഠത തനിക്കുണ്ടെന്ന് വാദിക്കുന്നവൻ മനുഷ്യനല്ല, അവൻ ശയ്ത്വാന്റെ സന്താനമാണ്."(റൂഹാനീ ഖസായിൻ വാള്യം 22 പേജ് 118-119, ഹഖീഖത്തുൽ വഹ്‌യ്)

1908-ലെഴുതിയ ചശ്മയെ മഅ്രിഫത്ത് എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അത്തരം കോടിക്കണക്കിന് സൽപ്രകൃതക്കാർ ലോകത്ത് നിന്ന് കടന്നുപൊയ്ക്കഴിഞ്ഞു. ഇനിയും പൊയ്ക്കൊണ്ടിരിക്കും. പക്ഷേ, നാം ഏറ്റവും ഉത്തമനും ഏറ്റവും ഉന്നതനും ഏറ്റവും നല്ല ഗുണവാനുമായി കണ്ടത് ഈ ദൈവപുരുഷനെയാണ്. ഇദ്ദേഹത്തിന്റെ പേര് മുഹമ്മദ് സല്ലല്ലാഹു അലയ്ഹി വ സല്ലം എന്നാണ്. *ഇന്നല്ലാഹ വ മലാഇക്കത്തഹൂ യുസല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹ് വ സല്ലിമൂ തസ്‌ലീമാ* ഈ ജനങ്ങളുടെ മഹാത്മാക്കളുടെ ചർച്ച പൊയ്ക്കോട്ടെ! അവരുടെ അവസ്ഥയെ കുറിച്ച് വിശുദ്ധ ഖുർആൻ വിശദമായി പ്രതിപാദിച്ചിട്ടില്ല. വിശുദ്ധ ഖുർആനിൽ പേരെടുത്ത പറഞ്ഞ നബിമാരെ കുറിച്ച് മാത്രമാണ് നാം നമ്മുടെ അഭിപ്രായം രേഖപ്പെടുത്തുന്നത്. ഉദാഹരണത്തിന് ഹദ്റത്ത് മൂസാ, ഹദ്റത്ത് ദാവൂദ്, ഹദ്റത്ത് ഈസാ(അ). മറ്റു നബിമാരെ കുറിച്ച് നാം അല്ലാഹുവിനെ തൊട്ട് സത്യംചെയ്തു കൊണ്ടു പറയുന്നു, നബി(സ)തിരുമേനി ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, വിശുദ്ധ ഖുർആൻ ഇറങ്ങിയില്ലായിരുന്നെങ്കിൽ നാം കണ്ട ആ അനുഗ്രഹങ്ങൾ നേരിട്ടൊരിക്കലും നാം കാണുമായിരുന്നില്ല. ആ കഴിഞ്ഞു കടന്ന എല്ലാ നബിമാരുടേയും സത്യത സംശയിക്കപ്പെടുന്നതായി ഇരിക്കുകയും ചെയ്തേനെ!

ചശ്മയെ മഅ്രിഫത്തിൽതന്നെ പറയുന്നു: "ഈ ബഹുമാനവും ഈ പ്രതാപവും ഈ സമൃദ്ധിയും ഈ തേജസ്സും ഈ ആയിരക്കണക്കിന് ദൈവീകാടയാളങ്ങളും ഈ ആയിരക്കണക്കിന് ദൈവീകാനുഗ്രഹങ്ങളും കള്ളവാദിക്കും ലഭിക്കുമോ എന്ന് ചിന്തിക്കേണ്ടതാണ്. ഏതൊരു നബി(അ)യുടെ കോന്തലയാണോ നാം പിടിച്ചത് നമുക്കതിൽ വലിയ അഭിമാനമുണ്ട്. അദ്ദേഹത്തിന്റെമേൽ അല്ലാഹുവിന്റെ വലിയ ഫള്‌ലാണുള്ളത്. ആ മഹാത്മാവ് ദൈവമല്ല. എന്നാൽ, അദ്ദേഹം മുഖേന നാം അല്ലാഹുവിനെ കണ്ടിരിക്കുന്നു. നമുക്ക് കിട്ടിയ ആ മഹാത്മാവിന്റെ മതം അല്ലാഹുവിന്റെ ശക്തിയുടെ ദർപണമാണ്. ഇസ്‌ലാമില്ലായിരുന്നെങ്കിൽ ഇക്കാലഘട്ടത്തിൽ നബുവ്വത്ത് എന്താണെന്നും ദിവ്യാത്ഭുതങ്ങൾ സംഭവിക്കുന്നതു തന്നെയാണോ? അത് പ്രകൃതി നിയമത്തിൽപ്പെട്ടതാണോ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാൻ പറ്റുമായിരുന്നില്ല. ഈ കുരുക്ക് അഴിച്ചത് ആ നബിയുടെ അനശ്വരമായ അനുഗ്രഹമാണ്. അദ്ദേഹം കാരണത്താൽ നമ്മൾ ഇന്ന് മറ്റു മതക്കാരെപ്പോലെ വെറും കഥ പറയുന്നവരല്ല. മറിച്ച് അല്ലാഹുവിന്റെ പ്രകാശവും അല്ലാഹുവിന്റെ ദിവ്യമായ സഹായവും നമ്മോടൊപ്പമുണ്ട്. ആ അല്ലാഹു മറ്റുള്ളവർക്ക് മറഞ്ഞിരിക്കുന്നവനാണ്. ആ മറഞ്ഞിരിക്കുന്ന ശക്തി മറ്റുള്ളവരിൽനിന്ന് ഗോപ്യനിൽ ഗോപ്യനാണ്. ആ പ്രതാപവാനായ അല്ലാഹു കേവലം നബികരീം (സ) മുഖേന നമ്മളിൽ വെളിപ്പെട്ടു.

1880 മുതൽ ആ മഹാത്മാവ് വഫാത്തായ 1908 വർഷംവരെയുള്ള ഉദ്ധരണികളാണ് ഞാൻ കേൾപിച്ചത്. ഓരോന്നിലും ആദ്യത്തെക്കാൾ മികച്ച നിലയിലാണ് നബി(സ)തിരുമേനിയുടെ സ്ഥാനമാനങ്ങൾ വിവരിച്ചിട്ടുള്ളത്. ഇതിലെവിടെയെങ്കിലും തനിക്കുവേണ്ടി നബി എന്ന പദം ഉപയോഗിച്ചിട്ടുണ്ടെങ്കിൽത്തന്നെ അത് നബി(സ)തിരുമേനിയുടെ ദാസത്വത്തിലാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു എല്ലാ വഞ്ചനകളിൽനിന്നും മുസ്‌ലിം ഉമ്മത്തിനെ രക്ഷിക്കുമാറാകട്ടെ. അവർ നബി(സ)തിരുമേനിയുടെ സത്യപ്രേമിയെ വിശ്വസിക്കുന്നവരാകട്ടെ. അല്ലാഹു നബി(സ)തിരുമേനി മുഖേന നമുക്കും അവനോളമെത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 18.12.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala